**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2302 — 09.03.2018 ലെ മറുപടിയ്ക്ക്

**വനം കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൽദോസ്.പി.കുന്നപ്പിള്ളി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വനം കയ്യേറ്റം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എത്രമാത്രം ഫലപ്രദമാണെന്ന് വ്യക്തമാക്കുമോ ; | (എ) വനം കയ്യേറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ ഫലപ്രദമായിട്ടുണ്ട്. കയ്യേറ്റം തടയുന്നതുമായി ബന്ധപ്പെട്ട വനാതിർത്തി സർവ്വേ നടത്തൽ, അതിർത്തി നിർണ്ണയിക്കൽ, സ്ഥിരം ജണ്ട നിർമ്മാണം എന്നിവ നടത്തിവരുന്നു. സർവ്വേയർമാരുടെ അഭാവം ഉണ്ടായപ്പോൾ ആ പ്രശ്നം മറികടക്കുന്നതിനായി വനം വകുപ്പിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ/ബീറ്റ് ഫോറസ്റ്റ് ഓഫീസർ- തല ഉദ്യോഗസ്ഥർക്ക് സർവ്വേ പരിശീലനം നല്കി. കൂടാതെ പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾ ഒഴിപ്പിച്ച് നിയമനടപടി സ്വീകരിക്കുന്നതിന് ശ്രദ്ധ വയ്ക്കുന്നുണ്ട്. ടി പ്രവൃത്തികൾ എല്ലാം തന്നെ വനം കയ്യേറ്റം ഫലപ്രദമായ രീതിയിൽ തടയുന്നതിന് ഉപകാരപ്രദമായിട്ടുണ്ട്. |
| (ബി) അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക നടപടി കൈക്കൊണ്ടിട്ടുണ്ടോ; | (ബി) കൈക്കൊണ്ടിട്ടുണ്ട്. |
| (സി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തെ പരിസ്ഥിതിലോലപ്രദേശങ്ങൾ ഏതൊക്കെയെന്നതിന് അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (സി) പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) വനം കയ്യേറ്റം ഒഴിപ്പിക്കണമെന്നും ആറുമാസത്തിനുള്ളിൽ നടപടി പൂർത്തീകരിക്കണമെന്നും 2015 സെപ്റ്റംബർ നാലാം തീയതി കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; | (ഡി) 2015 സെപ്റ്റംബർ നാലാം തീയതി കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. വിധിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) കോടതി ഉത്തരവ് അനുസരിച്ച് 20.01.2016 |

എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ്;

തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വരുകയും, യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

2) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നല്കി.

3) ഏതാനും സ്ഥലങ്ങളിൽ വനം കൈയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നല്കിയിട്ടുണ്ട്.

4) 04.09.2015 ലെ ബഹു.ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നല്കുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു.കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നല്കുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ആയതിന്മേൽ അന്തിമ ഉത്തരവ് ലഭിച്ചിട്ടില്ല.

(ഇ) പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് സർക്കാർ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കോടതി എത്ര സമയം കൂടി അനുവദിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത വിധി നടപ്പിലാക്കുന്നതിന് സർക്കാർ കൂടുതൽ സമയം ബഹു. ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹു.ഹൈക്കോടതിയുടെ അന്തിമതീരുമാനം ലഭിച്ചിട്ടില്ല.

(എഫ്) അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് രാഷ്ട്രീയമായ തടസ്സം ഉണ്ടാകുന്നുണ്ടോ ; ഇടുക്കി ജില്ലയിൽ ഭരണകക്ഷിയിലെ പ്രമുഖ പാർട്ടി കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

(എഫ്) അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് രാഷ്ട്രീയമായ തടസ്സം ഉണ്ടാകുന്നതായി പറയുവാൻ കഴിയുകയില്ല. എന്നിരുന്നാലും പഴക്കമേറിയ 01.01.1977-ന് ശേഷമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പലവിധത്തിലുമുള്ള തടസ്സങ്ങളും ഉണ്ടാകാറുണ്ട്.

സെക്ഷൻ ഓഫീസർ